നം. സി.ഇ.ഇ/5500/2017/KEAM-2018/റ്റി.എ.1

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

## 2018-ലെ എഞ്ചിനീയറിംഗ് /ആർക്കിടെക്ചർ റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതിന് യോഗ്യതാ പരീക്ഷയുടെ മാർക്കും നാറ്റാ സ്കോറും ഓൺലൈനായി സമർപ്പിക്കുന്നതിനുളള സമയം ദീർഘിപ്പിച്ചു

സംസ്ഥാനത്തെ എഞ്ചിനീയറിംഗ് പ്രവേശനത്തിനുള്ള 2018 ലെ എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയ വിദ്യാർത്ഥികൾ അവരുടെ രണ്ടാം വർഷ യോഗ്യതാ പരീക്ഷയിൽ നിശ്ചിത വിഷയങ്ങൾക്ക് ലഭിച്ച മാർക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിലൂടെ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയിട്ടുള്ള 58268 വിദ്യാർത്ഥികളിൽ 44250 പേർ ഇതിനോടകം യോഗ്യതാ പരീക്ഷയിലെ മാർക്ക് സമർപ്പിച്ചിട്ടുണ്ട്.

2018 ലെ ആർക്കിടെക്ചർ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് കൗൺസിൽ ഓഫ് ആർക്കിടെക്ചർ നടത്തിയ നാറ്റാ-2018 പരീക്ഷയിൽ യോഗ്യത നേടിയിട്ടുള്ള വിദ്യാർത്ഥികൾ അവരുടെ യോഗ്യതാ പരീക്ഷയിലെ മാർക്കും നാറ്റാ-2018 സ്കോറും പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിലൂടെ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതിനായി യോഗ്യതാ പരീക്ഷയിലെ മാർക്കും, നാറ്റാ-2018 സ്കോറും പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ സമർപ്പിക്കുന്നതിനുള്ള സമയം **2018 ജൂൺ 10 രാവിലെ 10 മണി** വരെയായി ദീർഘിപ്പിച്ചു. മേൽ വെബ്സൈറ്റിൽ നിഷ്കർഷിച്ചിരിക്കുന്ന രീതിയിൽ യോഗ്യതാ പരീക്ഷയുടെ മാർക്കും നാറ്റാ 2018 സ്കോറും സമർപ്പിക്കാത്ത വിദ്യാർത്ഥികളെ 2018 ലെ എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ കോഴ്സുകളിലെ പ്രവേശനത്തിനുള്ള റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെടുത്തുന്നതല്ല.

**കുറിപ്പ്**:- മാർക്ക് സമർപ്പണത്തിനു മുൻപ് ഇത് സംബന്ധിച്ച വിശദമായ വിജ്ഞാപനങ്ങൾ **www.cee.kerala.gov.in**, **www.cee-kerala.org** എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാക്കിയിട്ടുള്ളത് വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.

തിരുവനന്തപുരം

08.06.2018

പ്രവേശന പരീക്ഷാ കമ്മീഷണർ